## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2559** **12.03.2020 ൽ മറുപടിയ്ക്ക്**

## പുതിയ മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാന സർക്കാർ 27.02.2020 തീയതിയിൽ പുറപ്പെടുവിച്ച ജി.ഒ(എം.എസ്) നം. 22/2020/നി.വ ഉത്തരവ് പ്രകാരം 2020-21 വർഷത്തിൽ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറച്ചു കൊണ്ടുവരുന്നതിന് ആണോ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | അതെ. മദ്യവർജ്ജനം പ്രോത്സാഹിപ്പിച്ച് ലഹരി ഉപയോഗത്തിൽ നിന്നും ജനങ്ങളെ പിൻതിരിപ്പിക്കുകയെന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | എങ്കിൽ പുതിയ ബാറുകൾക്കും ബ്രൂവറികൾക്കും മറ്റും അനുമതി നൽകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (സി) | 3 സ്റ്റാറും അതിനുമുകളിലും ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് മാത്രമാണ് ബാർ ലൈസൻസ് നൽകി വരുന്നത്. സംസ്ഥാനത്തിന്റെ ടൂറിസം പദ്ധതികളുടെ വിജയകരമായ നടത്തിപ്പുകൂടി പരിഗണിച്ചാണ് ഈ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |
| (ഡി) | ഈ സർക്കാർ വന്നതിനു ശേഷം പുതിയ അല്ലെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിയ എത്ര ബാറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം നൽകാമോ; | (ഡി) | ഈ സർക്കാർ വന്നതിനുശേഷം പുതുതായി 170 എഫ്.എൽ.3 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിയ ബാറുകളിൽ 404 ബാറുകൾക്ക് നിലവിൽ എഫ്.എൽ.3 ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><th>ജില്ല</th><th>പുതുതായി അനുവദിച്ച എഫ്.എൽ.3 ലൈസൻസുകളുടെ എണ്ണം</th><th>പുതുക്കി നൽകിയ എഫ്.എൽ.3 ലൈസൻസുകളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>16</td><td>38</td></tr>
<tr><td>കൊല്ലം</td><td>16</td><td>33</td></tr>
<tr><td>പത്തനംതിട്ട</td><td>4</td><td>15</td></tr>
<tr><td>കോട്ടയം</td><td>10</td><td>41</td></tr>
<tr><td>ആലപ്പുഴ</td><td>11</td><td>25</td></tr>
<tr><td>ഇടുക്കി</td><td>11</td><td>15</td></tr>
<tr><td>എറണാകുളം</td><td>48</td><td>82</td></tr>
<tr><td>തൃശ്ശൂർ</td><td>16</td><td>62</td></tr>
<tr><td>പാലക്കാട്</td><td>11</td><td>27</td></tr>
<tr><td>മലപ്പുറം</td><td>4</td><td>13</td></tr>
<tr><td>കോഴിക്കോട്</td><td>9</td><td>25</td></tr>
<tr><td>വയനാട്</td><td>1</td><td>4</td></tr>
<tr><td>കണ്ണൂർ</td><td>9</td><td>20</td></tr>
<tr><td>കാസർഗോഡ്</td><td>4</td><td>4</td></tr>
<tr><td>ആകെ</td><td>170</td><td>404</td></tr>
</table>
മുൻ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിരുന്ന 2 എണ്ണവും ഈ സർക്കാരിന്റെ കാലയളവിൽ പുതുക്കിയ 3 എണ്ണവും നിലവിൽ പ്രവർത്തിക്കുന്നില്ല.
</td>
</tr>
<tr>
<td>(ഇ)</td>
<td>പുതുതായി പബ്ബുകൾക്കും ബാറുകൾക്കും ബ്രൂവറികൾക്കും അനുമതി നൽകുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇവ ആരംഭിക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?</td>
<td>(ഇ)</td>
<td>പുതുതായി പബ്ബുകൾക്കും ബ്രൂവറികൾക്കും അനുമതി നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല. പുതിയ ബാറുകൾ ഉൾപ്പെടെയുള്ള ലൈസൻസുകൾ സർക്കാരിന്റെ നിലവിലെ അബ്കാരി നയത്തിൽ വിദേശമദ്യചട്ടമനുസരിച്ച് നിയമാനുസരണം യോഗ്യത ഉള്ളവർക്ക് അനുവദിക്കുന്നതാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം.

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ്- എക്സൈസ് – 2020-21 വർഷത്തെ അബ്കാരി നയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ജി) വകുപ്പ്

ജി.ഒ.(എം.എസ്) നം.22/2020/നി.വ തീയതി, തിരുവനന്തപുരം, 27/02/2020

പരാമർശം:- 1. ജി.ഒ(എം.എസ്) 43/2017/നി.വ. തീയതി, 13/06/2017.
2. ജി.ഒ(എം.എസ്) 21/2018/നി.വ. തീയതി, 15/03/2018.
3. ജി.ഒ(എം.എസ്) 14/2019/നി.വ. തീയതി, 06/03/2019.

## ഉത്തരവ്

സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെയും വ്യാജ മദ്യത്തിന്റെയും വിതരണവും വ്യാപനവും പരമാവധി കുറച്ച് ശുദ്ധമായ മദ്യം ലഭ്യമാക്കുന്നതോടൊപ്പം ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ട് വരുന്നതിനും, കൂടാതെ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികളാണ് മദ്യനയങ്ങളിലൂടെ സർക്കാർ നടപ്പിലാക്കി വരുന്നത്.

2. പരാമർശങ്ങളിലെ ഉത്തരവുകൾ അനുസരിച്ച് പ്രഖ്യാപിച്ച മദ്യനയത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി 2020-21 - ലെ മദ്യനയം പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

**കള്ള് മേഖല.**

(എ) കള്ള്ഷാപ്പുകൾ, ടോഡി ബോർഡ് നിലവിൽ വരുന്നതുവരെയോ, മൂന്നു വർഷം വരെയോ ഇതിൽ ഏതാണോ ആദ്യം അതുവരെ വില്പന നടത്തുന്നതാണ്. 2019-20 വർഷത്തിലെ ലൈസൻസികൾക്ക് വില്പനയിൽ മുൻഗണന നൽകുന്നതുമാണ്. ആദ്യ വില്പനയിൽ പോകാത്ത ഷോപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ 50% റെന്റൽ കുറച്ച് വില്പന നടത്തേണ്ടതും അതിലും വില്പന പോകാത്ത ഷോപ്പുകൾ അതിനടുത്ത പ്രവൃത്തി ദിവസം തന്നെ തൊഴിലാളി കമ്മിറ്റികൾക്ക് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം 500 രൂപ റെന്റലിന് ഏൽപ്പിക്കേണ്ടതുമാണ്. വില്പന നടത്തുമ്പോൾ ഒരു ഗ്രൂപ്പിന് ഒന്നിൽ കൂടുതൽ

അപേക്ഷയുണ്ടെങ്കിൽ ലൈസൻസിയെ നറുക്കിലൂടെ തെരഞ്ഞെടുക്കുന്നതാണ്.

(ബി) കള്ള്ഷാപ്പിന്റെ ആവശ്യത്തിലേക്കായി ചെത്തുന്ന വൃക്ഷങ്ങളിൽ നിന്ന് ലഭിക്കുന്ന കള്ളിന്റെ അളവ് നിലവിൽ തെങ്ങിന് ദിനംപ്രതി 1.5 ലിറ്ററായാണ് നിശ്ചയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് പഠനം നടത്തിയ ലളിതാംബിക കമ്മിറ്റി ഈ അളവിൽ വർദ്ധനവ് വരുത്തണമെന്ന ശുപാർശ നൽകിയിട്ടുണ്ട്. ആയത് പരിഗണിച്ച് തെങ്ങിൽ നിന്ന് ലഭിക്കുന്ന കള്ളിന്റെ അളവ് ദിനംപ്രതി 2 ലിറ്ററായി ഉയർത്തി നിശ്ചയിക്കുന്നതാണ്.

(സി) കള്ള്ഷാപ്പുകളിൽ കള്ളിനോടൊപ്പം നിലവിൽ ഭക്ഷണ പദാർത്ഥങ്ങൾ വില്പന നടത്തുന്നുണ്ട്. എന്നാൽ ഇതിന് ഷോപ്പ് ഡിസ്പോസൽ റൂളിൽ വ്യക്തമായ ചട്ടങ്ങൾ നിലവിലില്ല. കള്ള്ഷാപ്പുകളിൽ ഭക്ഷണ പദാർത്ഥങ്ങൾ വില്പന നടത്തുന്നത് നിയമ വിധേയമാക്കുന്നതാണ്.

(ഡി) നിലവിൽ കള്ള്ഷാപ്പുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ തുടർന്നും ലൈസൻസ് നൽകുന്നതിന് അനുമതി നൽകി നിലവിലെ കള്ള്ഷാപ്പുകളെ സംരക്ഷിക്കുന്നതാണ്.

<u>വിദേശ മദ്യം.</u>

(എ) ലൈസൻസ് ഫീസുകൾ

ലൈസൻസ് ഫീസുകൾ അവസാനമായി വർദ്ധിപ്പിച്ചത് 2017-18 വർഷത്തെ അബ്കാരി നയത്തിലാണ്. പല ലൈസൻസുകൾക്കും ലൈസൻസ് ഫീസ് 2017-18 ലും വർദ്ധിപ്പിച്ചിരുന്നില്ല. ലൈസൻസ് ഫീസുകൾ താഴെ പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

| ലൈസൻസിന്റെ പേര് | നിലവിലെ ഫീസ് (രൂപ) | നിലവിൽ വന്നത് | വർദ്ധിപ്പിച്ച ഫീസ് |
|---|---|---|---|
| FL - 1 (വിദേശ മദ്യ ഷോപ്പ്) | 4,00,000 | 2017-18 | 4,00,000 |
| FL - 3 (ബാർ) | 28,00,000 | 2017-18 | 30,00,000 |
| FL - 4A (ക്ലബ്ബ്) | 15,00,000 | 2010-11 | 20,00,000 |
| FL - 7 (എയർപോർട്ട് ലോഞ്ച്) | 1,00,000 | 2011-12 | 2,00,000 |
| FL - 8 (മിലിട്ടറി ക്യാന്റീൻ) | 1000 | 2017-18 | 1000 |
| FL - 8A (പാരാ മിലിട്ടറി ക്യാന്റീൻ) | 1000 | 2017-18 | 1000 |
| FL - 11 (ബീയർ പാർലർ) | 4,00,000 | 2017-18 | 4,00,000 |

ഡിസ്റ്റിലറി & വെയർ ഹൗസ് റൂൾസ്

| | | | |
|---|---|---|---|
| Form 1 | 2,00,000 | 2007-08 | 4,00,000 |
| Form 2 | 2,00,000 | 2007-08 | 4,00,000 |
| Form 3 | 2,00,000 | 2007-08 | 4,00,000 |
| Form 4 | 2,00,000 | 2007-08 | 4,00,000 |
| Form 5 | 50000 | 2007-08 | 1,00,000 |

ബ്രൂവറി റൂൾസ്

| | | | |
|---|---|---|---|
| Form B1 | 2,00,000 | 2007-08 | 4,00,000 |
| Form B1A | 1,00,000 | 2007-08 | 2,00,000 |

ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ്) റൂൾസ്

| | | | |
|---|---|---|---|
| Form 1 | 2,00,000 | 2007-08 | 4,00,000 |
| Form 2 | 2,00,000 | 2007-08 | 4,00,000 |
| Form 5 | 1,00,000 | 2007-08 | 2,00,000 |

(ബി) ക്ലബ്ബ് ലൈസൻസിന്റെ പേര് മാറ്റുന്നത്

എല്ലാ വർഷവും ക്ലബ്ബുകളുടെ ഭാരവാഹികൾ മാറുന്നതനുസരിച്ച് FL-4A ലൈസൻസിയുടെ പേര് മാറ്റുന്നുണ്ട്. നിലവിലെ നിയമം ആനുസരിച്ച് ഇതിന് 2 ലക്ഷം രൂപ ഫീസ് ഈടാക്കുന്നുണ്ട്. ബഹു.കേരള ഹൈക്കോടതി WA 398, 676/2016 എന്നീ കേസുകളിൽ ഈ ഫീസ് നിലനിൽക്കില്ല എന്ന് വിധിച്ചിട്ടുണ്ട്. ക്ലബ്ബ് ഭാരവാഹികളുടെ മാറ്റത്തിനനുസരിച്ച് ലൈസൻസിയുടെ പേര് മാറ്റത്തിന് ഫീസ് ഒഴിവാക്കുന്നതാണ്.

(സി) ലേബൽ അംഗീകാരം/ബ്രാൻഡ് രജിസ്ട്രേഷൻ)

(എ) നിലവിൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നതും, സംസ്ഥാനത്ത് വിറ്റഴിക്കുന്നതുമായ എല്ലാ മദ്യ കുപ്പികളിലും പതിക്കുന്ന ലേബലുകൾ എക്സൈസ് കമ്മീഷണർ അംഗീകരിക്കുന്നുണ്ട്. കയറ്റുമതി ചെയ്യുന്ന മദ്യക്കുപ്പികളിലെ ലേബൽ ഉത്പാദകരോ/കയറ്റുമതിക്കാരോ ആവശ്യപ്പെടുന്ന തരത്തിൽ ലേബൽ സംബന്ധിച്ച നിബന്ധനകളിൽ മാറ്റം അനുവദിക്കുന്നതിന് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തി നിയമം പരിഷ്കരിക്കുന്നതാണ്.

(ബി) ലേബൽ അംഗീകരിക്കുന്നതിനുള്ള ഫീസ് 25,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിക്കുന്നതാണ്. എന്നാൽ ഗ്ലാസ് കുപ്പികൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹനമായി ഈ വർദ്ധനവ് ഗ്ലാസ് കുപ്പികളിലെ ലേബലുകൾക്ക് ഒഴിവാക്കുന്നതാണ്.

(സി) ബ്രാൻഡ് രജിസ്ട്രേഷൻ ഫീസ് നിലവിൽ 50,000/- രൂപയും Tie up - ൽ മറ്റ് സംസ്ഥാനങ്ങളിലെ ഡിസ്റ്റിലറികൾ കേരളത്തിലെ ഡിസ്റ്റിലറികളിൽ ഉത്പാദിപ്പിക്കുന്ന മദ്യത്തിന്റെ ബ്രാൻഡ് രജിസ്ട്രേഷൻ ഫീസ് 2,00,000/- രൂപയും ആണ്. ഇത് യഥാക്രമം 75,000/- രൂപയും

3,00,000/- രൂപയും ആയി വർദ്ധിപ്പിക്കുന്നതാണ്. എന്നാൽ ഗ്ലാസ് ബോട്ടിൽ ഉപയോഗിക്കുന്ന ബ്രാൻഡുകൾക്ക് ഈ വർദ്ധനവ് ഒഴിവാക്കുന്നതാണ്.

(ഡി) Tie up ഫീസ്

സംസ്ഥാനത്തിന് പുറത്തുള്ള ഡിസ്റ്റിലറികൾ അവരുടെ മദ്യം കേരളത്തിൽ പ്രവർത്തിക്കുന്ന ഡിസ്റ്റിലറികളിൽ/ബ്ലെന്റിംഗ് യൂണിറ്റുകളിൽ നിർമ്മിക്കുന്നുണ്ട്. കേരളത്തിനു പുറത്തുള്ള ഡിസ്റ്റിലറികൾ Tie-up വ്യവസ്ഥയിൽ കേരളത്തിലെ ഡിസ്റ്റിലറികളിൽ/കോമ്പൗണ്ടിംഗ് & ബ്ലെൻഡിംഗ് യൂണിറ്റുകളിൽ മദ്യം ഉത്പാദിപ്പിക്കുമ്പോൾ സംസ്ഥാനത്തിന് പുറത്തുള്ള ഒരു ഡിസ്റ്റിലറിക്ക് 2 ലക്ഷം രൂപ നിരക്കിൽ ഫീസ് ഏർപ്പെടുത്തുന്നതാണ്.

3. മേൽ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എക്സൈസ് കമ്മീഷണർ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ എന്നിവർ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, ചട്ട ഭേദഗതിക്കുള്ള കരട് വിജ്ഞാപനങ്ങൾ അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സത്യജീത്ത് രാജൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

S.O